# പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ

# സഭ: പാറമേൽ പണിയപ്പെട്ട ഭവനം

ഒരു സംഭവ കഥ: വി. പത്താം പീയൂസിനെക്കുറിച്ചാണെന്ന് പറയപ്പെടുന്നു. ഒരു കമ്മ്യൂണിസ്റ്റ് തീവ്രവാദിയായ മനുഷ്യൻ മാർപ്പാപ്പയുടെ അടുത്തെത്തി. എന്നിട്ട് പറഞ്ഞു ഞാൻ നിങ്ങളുടെ സഭയെ തകർക്കാൻ പോവുകയാണ്. മാർപ്പാപ്പ ഉറക്കെ ചിരിച്ചു. എന്നിട്ട് പറഞ്ഞു കഴിഞ്ഞ 19 നൂറ്റാണ്ടുകളായി ഞങ്ങളെല്ലാവരും ഒരുമിച്ച് പരിശ്രമിച്ചിട്ടും അത് നടന്നില്ല. നിനക്ക് പറ്റുമെങ്കിൽ ചെയ്തുകൊള്ളുക.

ഇതു കഥയോ സംഭവമോ ആകട്ടെ പരിശുദ്ധ സഭയെ തകർക്കാനാവില്ലയെന്നത് നിസ്തർക്കമായ കാര്യം. കാരണം,

- സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്.
- സാക്ഷാൽ ദൈവപുത്രനാൽ തുടങ്ങിവയ്ക്കപ്പെട്ട സമൂഹം.
- പരി. ആത്മാവെന്ന അഗ്നിയാൽ അനുദിനം ജ്വലിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹം.
- അനുദിനം ദൈവത്തെ ഭൂമിയിൽ വിളിച്ചു വരുത്തുന്ന ആൾത്താരയ്ക്കു ചുറ്റും ഒരുമിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം.

ഇത് പത്രോസ് എന്ന പാറമേൽ പണിയപ്പെട്ടതാണെന്ന് ക്രിസ്തു. എന്തുകൊണ്ടാണ് പത്രോസിനെ പാറയെന്നു ക്രിസ്തു വിളിച്ചത്. അയാൾ ഒരു തീക്ഷ്ണമതിയായിരുന്നു. വെടുവാക്കു പറയുന്നവനായിരുന്നു. എടുത്തു ചാട്ടക്കാരനായിരുന്നു. അറിവില്ലാത്തവനായിരുന്നു. എന്നിട്ടും ക്രിസ്തുവിന്റെ സഭ പണിതത് അവന്റെ ചുമലിൽ എന്താവും കാരണം.

പത്രോസ് തന്നെ ഏല്പ്പിച്ച സഭയ്ക്കുവേണ്ടി തന്റെ ജീവിതം കൊടുത്തു. അത്ര തന്നെ തന്റെ ജീവനും തന്റെ ചോരയും തന്റെ ആത്മാവും തന്റെ ഇച്ഛാശക്തിയും തന്റെ സ്വാതന്ത്ര്യങ്ങളും തന്നെ ഏല്പ്പിച്ച സഭയ്ക്കുവേണ്ടി അയാൾ മാറ്റിവച്ചു.

ഇങ്ങനെയൊന്നുമില്ലായിരുന്നെങ്കിൽ എങ്ങോ തുടങ്ങി, മറ്റെങ്ങോ അപ്രത്യക്ഷമാകുന്ന ഒരായിരം പ്രസ്ഥാനങ്ങളെപ്പോലെ സഭ ചരിത്രത്തിൽ മറഞ്ഞുപോകുമായിരുന്നു.

സഭയുടെ അഖണ്ഡതയും ഐക്യവും സംരക്ഷിക്കാൻ ഞാൻ എന്ന വിശ്വാസി എത്രത്തോളം ശ്രമിക്കുന്നുണ്ട്- എന്നെ ഏല്പ്പിച്ച എന്റെ കുടുംബവും എന്റെ ഉത്തരവാദിത്വങ്ങളും പത്രോസിന്റെ തീക്ഷ്ണതയോടെ ഞാൻ സംരക്ഷിക്കുന്നുണ്ടോ- എന്റെ ജീവനും എന്റെ ആരോഗ്യവും എന്റെ കഴിവും എന്റെ സമയവും പത്രോസിനെപ്പോലെ ധൂർത്തടിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ-എങ്കിൽ ഞാനും പത്രോസിനെപ്പോലെ പാറയാണ് - എന്റെ കുടുംബവും എന്റെ ഇടവകയും പാറമേൽ പണിയപ്പെട്ട ഭവനങ്ങളും.

ആദർശ ധീരമായ ഒരു ക്രൈസ്തവ ജീവിതം കരഗതമാകാൻ പ്രാർത്ഥനാശംസകൾ.

**- ഫാ. അജോ രാമച്ചനാട്ട്**